(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) ചൂരം റോഡിന് ബദലായി ഒരു റോഡ് വേണമെന്ന ആവശ്യം കണക്കിലെടുത്ത് പ്രസ്തുത റോഡിന് അനുമതി നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) മേപ്പാടി നിലമ്പൂർ റോഡ് ആദ്യഘട്ടമായി ഏറ്റെടുക്കുവാൻ ആലോചിക്കുന്നുണ്ട്. മറ്റ് റോഡുകളെ സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

മൂന്നാറിനേയും കൊടൈക്കനാലിനേയും ബന്ധിപ്പിച്ച് റോഡ് നിർമ്മാണം

68 (4349) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദ സഞ്ചാര കേന്ദ്രങ്ങളായ മൂന്നാറിനേയും കൊടൈക്കനാലിനേയും ബന്ധിപ്പിക്കാനായി സംസ്ഥാനത്തിനുള്ളിൽ റോഡ് നിർമ്മിക്കുമ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ സാദ്ധ്യതാ പഠനം നടന്നിട്ടുണ്ടോ : ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തിനകത്തുള്ള പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളെ തമ്മിൽ കുറഞ്ഞ ദൂരത്തിലൂടെ ബന്ധിപ്പിക്കുന്നതിന് റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച എന്തെങ്കിലും പദ്ധതികൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) മൂന്നാറിനേയും കൊടൈക്കനാലിനേയും ബന്ധിപ്പിക്കുന്നതിനായി റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ മെക്കോൺ ലിമിറ്റഡ് പഠനം നടത്തിയിട്ടുണ്ട്.

(സി & ഡി) ഇത് സംബന്ധിച് താഴെ പറയുന്ന പണികൾ നടന്നു വരുന്നു:

1. നെന്മാറ-നെല്ലിയാമ്പതി റോഡ് - ആദ്യഘട്ടം.
2. ചാലക്കുടി-വാഗമൺ റോഡിന്റെ പുനർ നിർമ്മാണം.
3. തേക്കടിയിലേക്കും വാഗമൺ എക്കോ ടൂറിസ്റ്റ് കേന്ദ്രത്തിലേയ്ക്കും കൊച്ചിയിൽ നിന്നുള്ള യാത്ര സുഗമമാക്കുന്ന മൂലമറ്റം - വാഗമൺ റോഡിന്റെ ആദ്യഘട്ടം.

LIBRARY ARCHIVES Kerala Legislative Assembly